# കേരള നിയമസഭ
## 16.07.2012-ലെ മറുപടിക്ക്

ഗ്രീൻ ബിൽഡിംഗ് പദ്ധതി

7288 ശ്രീ. സി. കെ. സദാശിവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഗ്രീൻ ബിൽഡിംഗ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) ഇതിന്റെ നടത്തിപ്പിനായി കേന്ദ്ര പാരമ്പര്യേതര ഊർജ്ജ വകുപ്പിൽ നിന്ന് ഇതുവരെ എത്ര രൂപ ധനസഹായമായി ലഭിച്ചിട്ടുണ്ട്;

(സി) ഇതിനായി എന്ത് തുക ഇതുവരെ ചെലവഴിച്ചിട്ടുണ്ട്; വിശദമാക്കുമോ?

# കേരള നിയമസഭ
## 16.07.2012-ലെ മറുപടിക്ക്

<u>ഇ-പേയ്മെന്റ് സംവിധാനം</u>

7289 ശ്രീമതി പി. അയിഷാപോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിൽ ഇ-പേയ്മെന്റ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) പ്രസ്തുത സംവിധാനം എന്നു മുതലാണ് നിലവിൽ വന്നത്;

(സി) പ്രസ്തുത സംവിധാനത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ?

# കേരള നിയമസഭ
## 16.07.2012-ലെ മറുപടിക്ക്

<u>നബാർഡ് തിരുവനന്തപുരം ജില്ലയിൽ നടപ്പാക്കിവരുന്ന പ്രവൃത്തികൾ</u>

7290

ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നബാർഡ് സാമ്പത്തികസഹായത്തോടുകൂടി തിരുവനന്തപരും ജില്ലയിൽ നടപ്പാക്കിവരുന്ന പ്രവൃത്തികളെ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കാമോ;

(ബി) നടപ്പു സാമ്പത്തിക വർഷം ചിറയിൻകീഴ് നിയോജകമണ്ഡലത്തിൽ നബാർഡ് സഹായത്തോടെ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പ്രവൃത്തികൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 16.07.2012-ലെ മറുപടിക്ക്

<u>കുറ്റ്യാടി മണ്ഡലത്തിലെ പ്രവൃത്തികൾ</u>

7291 ശ്രീമതി കെ.കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടും കരാറുകാർ ഏറ്റെടുക്കാത്ത കുറ്റ്യാടി മണ്ഡല പരിധിയിൽ വരുന്ന പ്രവൃത്തികൾ ഏതെല്ലാം; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചത്; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 16.07.2012-ലെ മറുപടിക്ക്

<u>പാർവ്വതീപുത്തനാറിന് കുറുകെ പാലം നിർമ്മാണം</u>

7292 ശ്രീ. എൻ. എ. നെല്ലിക്കുന്ന്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരത്ത് നാഷണൽ ഹൈവേ ബൈപ്പാസിൽ നിന്നും ബീമാപള്ളിയിലേയ്ക്ക് എത്തിച്ചേരുന്നതിന് പാർവ്വതീപുത്തനാറിനുകുറുകെ ഒരു പാലം നിർമ്മിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മുൻസർക്കാരിന്റെ കാലത്ത് ഇതിനായി കല്ലിടൽ നടത്തിയിട്ടുണ്ടോ; എങ്കിൽ തുടർനടപടികളെന്തെങ്കിലും സ്വീകരിച്ചിട്ടുണ്ടോ;

(സി) ഈ സർക്കാർ ബീമാപള്ളി പ്രദേശത്തെ ജനങ്ങളുടെ ചിരകാലാഭിലാഷമായ പാലം നിർമ്മിക്കുന്നതിനാവശ്യമായ നടപടികൾ അടിയന്തിരമായി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 16.07.2012-ലെ മറുപടിക്ക്

<u>പെരുംതുരുത്തി-നാലുകോടി-നടയിൽ-കുന്നുംപുറം-തെങ്ങണ-മണർകാട്-പട്ടിത്താനം ബൈപാസ് വികസനം</u>

7293 ശ്രീ. സി. എഫ്. തോമസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പെരുംതുരുത്തി-നാലുകോടി-നടയിൽ-കുന്നുംപുറം-തെങ്ങണ - മണർകാട്-പട്ടിത്താനം ബൈപാസ് വികസിപ്പിക്കുവാൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 16.07.2012-ലെ മറുപടിക്ക്

റോഡുകള്‍ നവീകരിക്കുന്നതിനുള്ള കര്‍മ്മപദ്ധതികള്‍

7294 ശ്രീ. വി.പി.സജീന്ദ്രന്‍
'' സി.പി. മുഹമ്മദ്
'' കെ. മുരളീധരന്‍
'' റ്റി.എന്‍. പ്രതാപന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാന റോഡുകള്‍ നവീകരിക്കുന്നതിന് കര്‍മ്മപദ്ധതികള്‍ ആസൂത്രണം ചെയ്തിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിനായി എന്ത് ചെലവ് വരുമെന്നാണ് പ്രതീക്ഷിക്കുന്നത്; വിശദ മാക്കുമോ;

(സി) ഏതെല്ലാം ഏജന്‍സികളുടെ സഹായത്തോടെയാണ് നവീകരിക്കാ നുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

# കേരള നിയമസഭ
## 16.07.2012-ലെ മറുപടിക്ക്

സംസ്ഥാന പാതകളും പ്രധാന ജില്ലാ റോഡുകളും
ഉൾപ്പെടുത്തി കേന്ദ്രറോഡ് ശൃംഖല

7295 ശ്രീ. എം. എ വാഹീദ്
,, ആർ. സെൽവരാജ്
,, തേറമ്പിൽ രാമകൃഷ്ണൻ
,, അൻവർ സാദത്ത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പാതകളും പ്രധാന ജില്ലാ റോഡുകളും ഉൾപ്പെടുത്തി കേന്ദ്രറോഡ് ശൃംഖലയ്ക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതുകൊണ്ടുള്ള നേട്ടങ്ങളും ഉദ്ദേശ്യലക്ഷ്യങ്ങളും എന്തൊക്കെയാണ്; വിശദമാക്കുമോ;

(സി) ഏതെല്ലാം മേഖലകളുടെ പങ്കാളിത്തത്തോടെയാണ് ഇത് നടപ്പാക്കാനുദ്ദേശിക്കുന്നത്?

# കേരള നിയമസഭ
## 16.07.2012-ലെ മറുപടിക്ക്

റോഡുകളുടെ വികസനത്തിനും പരിപാലനത്തിനും
കർമ്മ പദ്ധതികൾ

7296 ശ്രീ. വി. പി. സജീന്ദ്രൻ
,, എം. എ. വാഹീദ്
,, ജോസഫ് വാഴക്കൻ
,, പി. എ. മാധവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മരാമത്ത് വകുപ്പിന്റെ കീഴിലുള്ള റോഡുകളുടെ വികസനത്തിനും പരിപാലനത്തിനുമായി എന്തെല്ലാം കർമ്മപദ്ധതികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത്; വിശദമാക്കുമോ;

(ബി) ഇതിനായി എത്ര കോടി രൂപ ആവശ്യമായി വരുമെന്നാണ് കണക്കാക്കുന്നത്;

(സി) ഈ തുക എങ്ങനെ കണ്ടെത്താനാണ് ആലോചിക്കുന്നത്; വിശദമാക്കുമോ?

# കേരള നിയമസഭ
## 16.07.2012-ലെ മറുപടിക്ക്

<u>റോഡ് മെയിന്റനൻസ് ആന്റ് മാനേജ്മെന്റ് സിസ്റ്റം</u>

7297 ശ്രീ. പി. സി. വിഷ്ണുനാഥ്
,, സണ്ണി ജോസഫ്
,, എ. പി. അബ്ദുള്ളക്കുട്ടി
,, വി. റ്റി. ബൽറാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത്** വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റോഡ് മെയിന്റനൻസ് ആന്റ് മാനേജ്മെന്റ് സിസ്റ്റം ഏർപ്പെടുത്താനുദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കുമോ ;

(ബി) ആയതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം ; വിശദമാക്കുമോ ;

(സി) വിവിധ തരത്തിലുള്ള റോഡ് പരിപാലനത്തിന് വേണ്ട സൂചകങ്ങൾ കണ്ടെത്തി പ്രസ്തുത സിസ്റ്റത്തിൽ ഉൾപ്പെടുത്തുന്ന കാര്യം ആലോചിക്കുമോ ; വിശദമാക്കുമോ?

# കേരള നിയമസഭ
# 16.07.2012-ലെ മറുപടിക്ക്

ശബരിമലയിലേക്കുള്ള എല്ലാ പ്രധാന റോഡുകളിലും റബ്ബറൈസ്ഡ് ടാറിംഗ്

7298 ശ്രീ. റ്റി. യു. കുരുവിള
,, സി. എഫ്. തോമസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അടുത്ത മണ്ഡലകാലത്തിന് മുൻപ് ശബരിമലയിലേക്കുള്ള എല്ലാ പ്രധാന റോഡുകളും വീതികൂട്ടി റബ്ബറൈസ്ഡ് ടാറിംഗ് നടത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ;

(ബി) ശബരിമലയിലേക്കുള്ള റോഡുകളുമായി ബന്ധപ്പെടുത്തുന്ന പ്രധാന റോഡുകളും കൂടി ശബരിമല പദ്ധതിയിൽ ഉൾപ്പെടുത്തി ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കുമോ;

(സി) ശബരിമലയിലേക്കുള്ള എല്ലാ റോഡുകളിലും സൈൻ ബോർഡുകളും സിഗ്നൽ ലൈറ്റുകളും സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 16.07.2012-ലെ മറുപടിക്ക്

<u>അങ്കമാലി മണ്ഡലത്തിലെ വിവിധ മരാമത്ത് പ്രവൃത്തികൾ</u>

7299 ശ്രീ. ജോസ് തെറ്റയിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അങ്കമാലി-ആലുവ ദേശീയപാതയിലെ പണിയിലെ അപാകങ്ങൾ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ ;

(ബി) ഈ അപാകങ്ങൾ പരിഹരിക്കുന്നതിന് ദേശീയപാതാ അധികൃതർ തുക അനുവദിച്ചിട്ടുണ്ടോ ;

(സി) എങ്കിൽ ഇത് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(ഡി) അങ്കമാലിയിലെ കരിയാട് വളവ് നികത്തുന്ന കാര്യത്തിൽ സംസ്ഥാന സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാം വിശദമാക്കാമോ ;

(ഇ) അങ്കമാലി ടൗണിലെ ടാറിംങ്ങിലെ അപാകങ്ങളും മോണിംഗ്സ്റ്റാർ, ടെൽക്ക് തുടങ്ങിയ സ്ഥലങ്ങളിലെ വെള്ളക്കെട്ടും അപകടങ്ങളും പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുന്നതിലെ കാലതാമസം വിശദമാക്കാമോ ;

(എഫ്) കറുകുറ്റിയിൽ ദേശീയപാതയിലും റെയിൽവേസ്റ്റേഷൻ പരിസരത്തും അനുഭവപ്പെടുന്ന രൂക്ഷമായ വെള്ളക്കെട്ട് പരിഹരിക്കുന്നതിനായി ഡ്രെയിനേജ് സംവിധാനം നടപ്പിലാക്കുവാൻ നടപടി സ്വീകരിക്കുന്നതിലുള്ള താമസം ഒഴിവാക്കാൻ എന്ത് കാര്യങ്ങൾ ചെയ്യുമെന്ന് വിശദമാക്കുമോ ;

(ജി) കരയാംപറമ്പ് ജംഗ്ഷനിൽ ഇന്നത്തെ സംവിധാനം അപര്യാപ്തമായതിനാൽ വിപുലമായ രീതിയിൽ യു ടേൺ ട്രാഫിക് സംവിധാനം സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(എച്ച്) ടോളിൽ നിന്നും 20 കി. മീ. മാത്രം ദൂരമുള്ള അങ്കമാലി നിവാസികളെ ടോൾ ചർച്ചകളിൽനിന്നും ഒഴിവാക്കുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ; എങ്കിൽ ഇത് പരിഹരി

ന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇത് പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ ;

(ഐ) സർവ്വീസ് റോഡുകളുടെ പണി പൂർത്തിയാക്കാത്തതിനാൽ അതുവരെയും ടോൾ പിരിക്കുന്നതിൽനിന്നും അങ്കമാലി
നിവാസികളെ ഒഴിവാക്കുന്നത് സംബന്ധിച്ച് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 16.07.2012-ലെ മറുപടിക്ക്

തൃശൂർ ജില്ലയിലെ തീരദേശ - മലയോര പാത നിർമ്മാണം

7300

ശ്രീ. ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തൃശൂർ ജില്ലയിലെ മൂന്നു പീടിക - കൊടകര - വെള്ളിക്കുളങ്ങര പി.ഡബ്ല്യു.ഡി.പി ജില്ലാ റോഡും, ഇരിങ്ങാലക്കുട, ആളൂർ, കോട്ടപ്പുറം - കൊടകര സ്റ്റേറ്റ് ഹൈവേകളും ഉൾപ്പെടുന്ന എൻ.എച്ച്.17, എൻ.എച്ച്.47 എന്നിവയും നിർദ്ദിഷ്ട മലയോര ഹൈവേ കടന്നുപോകുന്ന വെള്ളികുളങ്ങര പ്രദേശവും ബന്ധിപ്പിച്ചുകൊണ്ട് ഒരു തീരദേശ - മലയോര പാത നിർമ്മിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ബി) ചാലക്കുടി - പറമ്പിക്കുളം ട്രാംവേ ലൈൻ പൊളിച്ചു മാറ്റിയ ശേഷം നിലവിലുള്ള ട്രാംവേ റോഡ് പൊതു വികസനത്തിനും, ടൂറിസത്തിനും ഉപകരിക്കുന്ന തരത്തിൽ പുനർനിർമ്മിക്കുവാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 16.07.2012-ലെ മറുപടിക്ക്

<u>മലബാർ പാക്കേജിൽ ഉൾപ്പെട്ട പ്രവൃത്തികൾ</u>

7301 ശ്രീ. എ. പ്രദീപ്കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് നോർത്ത് നിയോജക മണ്ഡലത്തിൽ മലബാർ പാക്കേജിൽ ഉൾപ്പെട്ട ഏതെല്ലാം പ്രവൃത്തികൾ ഉണ്ടെന്ന് വിശദമാക്കുമോ ;

(ബി) എങ്കിൽ പ്രസ്തുത പ്രവൃത്തികൾ നിലവിൽ ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
## 16.07.2012-ലെ മറുപടിക്ക്

<u>പേരാമ്പ്ര മണ്ഡലത്തിലെ നോൺ പ്ലാൻ ഇനത്തിൽ ഉൾപ്പെടുത്തിയ മരാമത്ത് പ്രവൃത്തികൾ</u>

7302 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പേരാമ്പ്ര മണ്ഡലത്തിൽ നോൺ പ്ലാൻ ഇനത്തിൽ ഉൾപ്പെടുത്തി ഏതെല്ലാം മരാമത്ത് പ്രവൃത്തികൾക്കാണ് അനുമതി നൽകിയിട്ടുള്ളത്; വ്യക്തമാക്കുമോ;

(ബി) ഓരോ നിയോജക മണ്ഡലത്തിലും നോൺ പ്ലാൻ ഇനത്തിൽ എത്ര തുക വീതം അനുവദിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 16.07.2012-ലെ മറുപടിക്ക്

<u>റോഡുകളുടെ ഗുണനിലവാരം ഉറപ്പാക്കാൻ പ്രത്യേക കരാർ</u>

7303 ശ്രീ. വി. ഡി. സതീശൻ
,, ലൂഡി ലൂയിസ്
,, എ. പി. അബ്ദുള്ളക്കുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റോഡുകളുടെ ഗുണനിലവാരം ഉറപ്പാക്കാൻ പ്രത്യേക കരാർ രൂപപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) ഈ കരാറിലെ പ്രധാന വ്യവസ്ഥകൾ എന്തെല്ലാം; വിശദാംശങ്ങൾ അറിയിക്കുമോ;

(സി) കരാറിലെ വ്യവസ്ഥകൾ ലംഘിച്ചാൽ കരാറുകാർക്കെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്?

# കേരള നിയമസഭ
## 16.07.2012-ലെ മറുപടിക്ക്

റബ്ബർ, വേസ്റ്റ് പ്ലാസ്റ്റിക് എന്നിവ ഉപയോഗിച്ചുള്ള റോഡ് നിർമ്മാണം

7304 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ദീർഘകാലം നിലനിൽക്കുന്ന റോഡ് നിർമ്മിക്കുന്നതിനായി എന്തെങ്കിലും പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) റബ്ബർ, വേസ്റ്റ് പ്ലാസ്റ്റിക് എന്നിവ ഉപയോഗിച്ചുള്ള സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തി റോഡ് നിർമ്മിക്കുന്നതിനുള്ള പദ്ധതി തയ്യാറാക്കുമോ; ഇത്തരത്തിൽ എന്തെങ്കിലും പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

# കേരള നിയമസഭ
## 16.07.2012-ലെ മറുപടിക്ക്

<u>ആറ്റുകാൽ വികസന പദ്ധതി</u>

7305

ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നേമം നിയോജകമണ്ഡലത്തിൽ ആറ്റുകാൽ വികസന പദ്ധതിയിൽ ഉൾപ്പെടുത്തി എന്തെങ്കിലും പ്രവൃത്തി ഏറ്റെടുത്ത് നടപ്പിലാക്കുന്നുണ്ടോ; ഇല്ലെങ്കിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത പ്രവൃത്തികൾ ഏതൊക്കെ നഗരസഭാ വാർഡുകളിലാണ് നടപ്പിലാക്കുന്നതെന്നും അവയുടെ വിശദാംശങ്ങളും ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 16.07.2012-ലെ മറുപടിക്ക്

കൂടുതൽകാലം നിലനിൽക്കുന്ന ഗുണനിലവാരമുള്ള റോഡുകൾ

7306 ശ്രീ. റ്റി.എൻ. പ്രതാപൻ
'' പാലോട് രവി
'' സണ്ണി ജോസഫ്
'' പി.സി വിഷ്ണുനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൂടുതൽകാലം നിലനിൽക്കുന്ന ഗുണനിലവാരമുള്ള റോഡുകൾ നിർമ്മിക്കുന്നതിന് ആവിഷ്ക്കരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാം; വിശദമാക്കുമോ;

(ബി) ഇതിനായി പെർഫോർമൻസിന്റെ അടിസ്ഥാനത്തിലുള്ള മെന്റനൻസ് കോൺട്രാക്റ്റ് ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) ഇതിനായി എന്തെല്ലാം നടപടി എടുത്തിട്ടുണ്ട്?

# കേരള നിയമസഭ
## 16.07.2012-ലെ മറുപടിക്ക്

<u>സംസ്ഥാനത്തെ വീതി കുറഞ്ഞ റോഡുകൾ</u>
<u>ഏറ്റെടുക്കുന്നതിന് നടപടികൾ</u>

7307

ശ്രീ. സി. എഫ്. തോമസ്
,, റ്റി. യു. കുരുവിള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വീതി കുറഞ്ഞ റോഡുകൾ ഏറ്റെടുക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ;

(ബി) എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 16.07.2012-ലെ മറുപടിക്ക്

<u>നേമം നിയോജകമണ്ഡലത്തിൽ പാലങ്ങൾ പുതുക്കിപ്പണിയുന്നതിന് നടപടി</u>

7308 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നേമം നിയോജകമണ്ഡലത്തിൽ സംസ്ഥാന പൊതുമരാമത്ത് വകുപ്പ്-നിരത്തുകളും പാലങ്ങളും വിഭാഗം ഈ സാമ്പത്തികവർഷം ഏതെങ്കിലും പാലങ്ങൾ പുതുക്കിപ്പണിയുന്നതിനോ അറ്റകുറ്റപ്പണികൾ നടത്തുന്നതിനോ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ അത് സംബന്ധിച്ചുള്ള എല്ലാ വിശദാംശങ്ങളും ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 16.07.2012-ലെ മറുപടിക്ക്

<u>കരുനാഗപ്പള്ളി മണ്ഡലത്തിൽ നിന്ന് കഴിഞ്ഞ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയ റോഡുകൾ</u>

7309

ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി മണ്ഡലത്തിൽ കഴിഞ്ഞ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയ റോഡുകളിൽ എത്രയെണ്ണത്തിന്റെ പണി പൂർത്തീകരിച്ചുവെന്ന് പറയുമോ;

(ബി) പൂർത്തീകരിക്കാനുള്ള റോഡുകൾ ഏതെല്ലാം; ഇവ എന്ന് പൂർത്തീകരിക്കാൻ കഴിയുമെന്ന് അറിയിക്കുമോ;

(സി) അപ്ഗ്രഡേഷൻ പ്രവൃത്തികളിൽ ഉൾപ്പെടുത്തിയ 23 റോഡുകളിൽ ഇനിയും എത്രയെണ്ണമാണ് പൂർത്തീകരിക്കാനുളളത്; എങ്കിൽ ഇതിനുള്ള തടസ്സമെന്താണെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 16.07.2012-ലെ മറുപടിക്ക്

<u>കാവിൽ - തീക്കുനി - കുറ്റ്യാടി റോഡ് നിർമ്മാണം</u>

7310 ശ്രീമതി കെ.കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി - നാദാപുരം റോഡിന്റെ പരിഷ്കരണ പ്രവൃത്തികൾക്ക് ഉത്തരമായതും എന്നാൽ ചെലവഴിക്കാൻ കഴിയാതെ വന്നതുമായ 243 ലക്ഷം രൂപ ഇതേ മണ്ഡലത്തിലെ കാവിൽ - തീക്കുനി - കുറ്റ്യാടി റോഡിന്റെ മെക്കാഡം പ്രവർത്തികൾക്ക് ഉപയോഗിക്കുന്നതിന് അനുവാദം ലഭിക്കുന്നതിനായി എന്തെല്ലാം നടപടിക്രമങ്ങളാണ് പൂർത്തീകരിക്കാനുള്ളത്; വ്യക്തമാക്കുമോ;

(ബി) ഇതു സംബന്ധമായി അടിയന്തിര നടപടികൾ സ്വീകരിക്കുവാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ വിശദമായ പ്രോജക്ട് റിപ്പോർട്ട് സമർപ്പിക്കുവാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥരോട് നിർദ്ദേശിക്കുമോ?

# കേരള നിയമസഭ
## 16.07.2012-ലെ മറുപടിക്ക്

റോഡ്സ് സെക്ഷൻ ഓഫീസുകളുടെ പ്രവർത്തനം

7311 ശ്രീ. ജി. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത്** വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) നിയോജക മണ്ഡല അടിസ്ഥാനത്തിൽ റോഡ്സ് സെക്ഷൻ ഓഫീസുകളുടെ പ്രവർത്തന പരിധി ക്രമീകരിച്ച് സൗകര്യാർത്ഥം ഓഫീസ് പുനസംഘടന നടത്തുവാൻ ഉദ്ദേശിക്കുന്നുവോ ; എങ്കിൽ അതിൻമേൽ സ്വീകരിച്ച നടപടികൾ അറിയിക്കുമോ ;

(ബി) ചാത്തന്നൂർ നിയോജക മണ്ഡലത്തിലെ പൊതുമരാമത്ത് വകുപ്പ് റോഡുകൾ ജില്ലയിലെ ഏതൊക്കെ റോഡ്സ് സെക്ഷന്റെ പരിധിയിലാണ് ഉൾപ്പെട്ടിട്ടുള്ളത് ;

(സി) നിരവധി സെക്ഷനുകളുടെ കീഴിൽ ഒരു നിയോജക മണ്ഡലത്തിലെ റോഡുകൾ ഉൾപ്പെടുന്നതുമൂലമുള്ള പ്രായോഗിക ബുദ്ധിമുട്ട് ഒഴിവാക്കുന്നതിലേക്കായി നടപടിസ്വീകരിക്കുമോ ; വിശദാംശം അറിയിക്കുമോ ?

# കേരള നിയമസഭ
# 16.07.2012-ലെ മറുപടിക്ക്

<u>കൊല്ലം ജില്ലയിലെ നബാർഡ് പദ്ധതികൾ</u>

7312

ശ്രീ. എ. എ. അസീസ്
,, കോവൂർ കുഞ്ഞുമോൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിൽ നബാർഡിന്റെ പദ്ധതി വഴി റോഡ് നിർമ്മാണത്തിനായി കഴിഞ്ഞ 3 വർഷങ്ങളിൽ എത്ര രൂപ വീതം ചെലവാക്കി;

(ബി) കൊല്ലം ജില്ലയിൽ നിലവിൽ നബാർഡ് ഏറ്റെടുത്തിട്ടുള്ള പദ്ധതികൾ ഏതൊക്കെയാണെന്നും തുക എത്രയാണെന്നും മണ്ഡലം തിരിച്ച് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 16.07.2012-ലെ മറുപടിക്ക്

**സ്റ്റേറ്റ് റോഡ് ഇംപ്രൂവ്മെന്റ് പ്രോജക്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള റോഡുകൾ**

7313 ശ്രീ. ജോസ് തെറ്റയിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്റ്റേറ്റ് റോഡ് ഇംപ്രൂവ്മെന്റ് പ്രോജക്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള റോഡുകൾ ഏതെല്ലാമെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്ന റോഡുകൾ എത്ര കിലോമീറ്റർ വീതമെന്ന് നിയോജക മണ്ഡലം തിരിച്ച് വ്യക്തമാക്കുമോ;

(സി) ഗതാഗതക്കുരുക്കിനാൽ വീർപ്പുമുട്ടുന്ന അങ്കമാലി നിയോജക മണ്ഡലത്തിൽപ്പെട്ട കാലടിയിലെ റോഡുകൾ ഉൽപ്പെടുത്തുന്നതിനായി സമർപ്പിച്ചിരുന്ന അപേക്ഷ പരിഗണിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ ഉൾപ്പെടുത്തിയ റോഡ് ഏതെന്നും ഇല്ലെങ്കിൽ ഉൾപ്പെടുത്താത്തതിന് കാരണമെന്തെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 16.07.2012-ലെ മറുപടിക്ക്

<u>റോഡിനായി ഭൂമി നൽകുന്നവർക്ക് ലഭ്യമാകുന്ന സൗകര്യങ്ങൾ</u>

7314 ശ്രീ. പാലോട് രവി
,, സണ്ണി ജോസഫ്
,, ഹൈബി ഈഡൻ
,, ഡൊമിനിക് പ്രസന്റേഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റോഡിനായി ഭൂമി നൽകുന്നവർക്ക് സർക്കാർ ചെലവിൽ മതിൽ നിർമ്മിച്ചു നൽകുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കുമോ;

(ബി) ഇത് സംബന്ധിച്ച് മാനദണ്ഡങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(സി) മറ്റ് എന്തെല്ലാം സൗകര്യങ്ങളാണ് ഭൂമി നൽകുന്നവർക്ക് നൽകാൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 16.07.2012-ലെ മറുപടിക്ക്

<u>വേങ്ങൂർ - നായത്തോട് - എയർപോർട്ട് റോഡ്</u>

7315 ശ്രീ. ജോസ് തെറ്റയിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത്** വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) അങ്കമാലി നിയോജകമണ്ഡലത്തിലെ വേങ്ങൂർ - നായത്തോട് - എയർപോർട്ട് റോഡിന്റെ സ്ഥലമെടുപ്പ് നടപടികൾ പൂർത്തിയാക്കുന്നതിലെ കാലതാമസം വിശദമാക്കുമോ;

(ബി) എന്തെല്ലാം നടപടികളാണ് ഇതിനായി പൂർത്തിയാക്കാനുള്ളതെന്നും ഇത് എന്നത്തേക്ക് പൂർത്തിയാക്കാൻ സാധിക്കുമെന്നും വ്യക്തമാക്കുമോ;

(സി) ഈ റോഡിന്റെ ബി.എം.ബി.സി.യിൽ എന്നേക്ക് പണി ആരംഭിക്കുവാൻ കഴിയുമെന്ന് അറിയിക്കുമോ?

# കേരള നിയമസഭ
# 16.07.2012-ലെ മറുപടിക്ക്

ചെറുതാഴം - കുറ്റൂർ - പെരിങ്ങോം റോഡ്

7316 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത്** വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി നിയോജകമണ്ഡലത്തിൽക്കൂടി കാസർഗോഡ് ജില്ലയിലെ മലയോര മേഖലയിൽ എത്തിച്ചേരാൻ സഹായിക്കുന്ന ചെറുതാഴം-കുറ്റൂർ-പെരിങ്ങോം റോഡ് മെക്കാഡ ടാറിംഗ് നടത്തി ആധുനിക നിലവാരത്തിലേക്ക് ഉയർത്താൻ നടപടി സ്വീകരിക്കുമോ;

(ബി) മാത്തുവയൽ പാലത്തിനും അപ്രോച്ച് റോഡിനും ഭരണാനുമതി നൽകിയതിന് പകരമായി പ്രസ്തുത റോഡ് അഭിവൃദ്ധിപ്പെടുത്തണമെന്നാവശ്യപ്പെട്ട് നൽകിയ നിവേദനത്തിൽ എന്തുനടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ?

# കേരള നിയമസഭ
# 16.07.2012-ലെ മറുപടിക്ക്

<u>കരയാംപറമ്പ് മൂക്കന്നൂര്‍ കവലയിലെ</u>
<u>റോഡുപണിയിലെ അപാകതകള്‍</u>

7317 ശ്രീ. ജോസ് തെറ്റയില്‍

താഴെ കാണുന്ന ചോദ്യത്തിന്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

അങ്കമാലി നിയോജകമണ്ഡലത്തില്‍ ദേശീയപാതയില്‍ കരയാംപറമ്പ് മൂക്കന്നൂര്‍ കവലയിലെ റോഡുപണിയിലെ അപാകതകളെക്കുറിച്ച് കറുകുറ്റി പഞ്ചായത്തില്‍ കരയാംപറമ്പ് കരയില്‍ മാവേലി വീട്ടില്‍ താമസിക്കുന്ന ശ്രീ.എം.പി.ജോസ് മുഖ്യമന്ത്രിക്ക് സമര്‍പ്പിച്ച പരാതിയില്‍ എന്തെല്ലാം നടപടികള്‍ സ്വീകരിച്ചെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 16.07.2012-ലെ മറുപടിക്ക്

കുന്ദമംഗലം മണ്ഡലത്തിലെ സെൻട്രൽ റോഡ് ഫണ്ടിൽ ഉൾപ്പെടുത്താൻ നിർദ്ദേശിക്കപ്പെട്ട റോഡുകൾ

7318 ശ്രീ. പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുന്ദമംഗലം നിയോജക മണ്ഡലത്തിൽ നിന്ന് സെൻട്രൽ റോഡ് ഫണ്ടിൽ ഉൾപ്പെടുത്താൻ നിർദ്ദേശിക്കപ്പെട്ട റോഡുകൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) ഇവ ഓരോന്നിന്റേയും എസ്റ്റിമേറ്റ് തുക എത്ര വീതമാണ്; വിശദമാക്കുമോ?

# കേരള നിയമസഭ
## 16.07.2012-ലെ മറുപടിക്ക്

<u>മാവേലിക്കര മണ്ഡലത്തിലെ പൊതുമരാമത്ത്
റോഡുകളുടെ പണികൾ</u>

7319 ശ്രീ. ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിലെ പൊതുമരാമത്ത് റോഡുകളുടെ പണികൾ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) ഗ്രാമീണ റോഡ് പി.ഡബ്ലൂ.ഡി റോഡാക്കി മാറ്റുന്നതിലേക്കായി എന്തൊക്കെ നടപടികളാണ് സ്വീകരിക്കേണ്ടത്;

(സി) മാവേലിക്കര മണ്ഡലത്തിലെ നൂറനാട് പഞ്ചായത്തിലെ പാലമൂട്-ഇടക്കുന്നും റോഡ് പി.ഡബ്ല്യൂ.ഡി ഏറ്റെടുക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ;

(ഡി) പ്രസ്തുത മണ്ഡലത്തിലെ ചത്തിയറ-പള്ളം റോഡ് പി.ഡബ്ല്യൂ.ഡി ഏറ്റെടുക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

# കേരള നിയമസഭ
## 16.07.2012-ലെ മറുപടിക്ക്

<u>നേമം നിയോജകമണ്ഡലത്തിലെ പുതിയ പാലങ്ങൾ</u>

7320 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നേമം നിയോജകമണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിന്റെ നിരത്തുകളും പാലങ്ങളും വിഭാഗം ഈ സാമ്പത്തികവർഷം ഏതെങ്കിലും പുതിയ പാലങ്ങൾ നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ അവ ഏതൊക്കെയാണെന്നും അത് സംബന്ധിച്ചുള്ള വിശദാംശങ്ങളും ലഭ്യമാക്കുമോ ?

# കേരള നിയമസഭ
# 16.07.2012-ലെ മറുപടിക്ക്

<u>പുനലൂർ മണ്ഡലത്തിലെ പൊതുമരാമത്ത് പണികൾ</u>

7321 ശ്രീ. കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം പുനലൂർ മണ്ഡലത്തിൽപ്പെട്ട ഏതെല്ലാം പൊതുമരാമത്ത് ജോലികൾക്ക് ഭരണാനുമതി നൽകിയെന്നും ഏതെല്ലാം ജോലികൾക്ക് ടെക്നിക്കൽ സാങ്ഷൻ നൽകിയെന്നും പറയുമോ ;

(ബി) ഏതെല്ലാം ജോലികൾക്ക് ധനകാര്യ വകുപ്പിന്റെ പ്രത്യേക അനുമതി ലഭിച്ചുവെന്നും പ്രസ്തുത ജോലികൾക്ക് അനുവദിച്ച തുക എത്ര വീതമെന്നും വിശദമാക്കുമോ ;

(സി) വരുന്ന സാമ്പത്തിക വർഷം പുനലൂർ മണ്ഡലത്തിൽ ചെയ്യുന്നതിന് തെരഞ്ഞെടുത്തിട്ടുളള പൊതുമരാമത്ത് ജോലികളുടെ മുൻഗണനാക്രമവും ആയതിനായി ചെലവഴിക്കാൻ ഉദ്ദേശിക്കുന്ന തുകയും വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 16.07.2012-ലെ മറുപടിക്ക്

<u>കൂവ്വപ്പടി മൂഴിപാലം നിർമ്മാണം</u>

7322 ശ്രീ. സാജു പോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2011-ലെ പുതുക്കിയ ബഡ്ജറ്റിൽ പ്രഖ്യാപിച്ച കൂവ്വപ്പടി മൂഴിപാലം നിർമ്മിക്കുന്നതിനുള്ള നടപടികളുടെ പുരോഗതി വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പാലത്തിൽ ദിശ നിശ്ചയിച്ചിട്ടുണ്ടോ;

(സി) വിശദമായ എസ്റ്റിമേറ്റും പ്രോജക്ട് റിപ്പോർട്ടും ലഭ്യമായിട്ടുണ്ടോ; അടങ്കൽ തുക എത്ര; വിശദമാക്കുമോ;

(ഡി) ഭരണാനുമതിയും, സാങ്കേതിക അനുമതിയും നൽകി ടെണ്ടർ നടപടികൾ എപ്പോൾ ആരംഭിക്കും; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 16.07.2012-ലെ മറുപടിക്ക്

എം.സി. റോഡിലെ പന്തളം പഴയപാലം പുനർനിർമ്മാണം

7323 ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത്** വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) എം.സി. റോഡിൽ പന്തളം ജംഗ്ഷനിൽ പഴയ പാലത്തിന് റോഡ് വീതിയില്ലാത്തതിനാൽ ഗതാഗതക്കുരുക്ക് സാധാരണയായി അനുഭവപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ കെ.എസ്.ടി.പി യുടെ പരിധിയിൽപ്പെട്ട പ്രസ്തുത പാലം പുനർനിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 16.07.2012-ലെ മറുപടിക്ക്

<u>കുണ്ടുചിറ അണക്കെട്ടു പാലത്തിന്റെ അപ്രോച്ച് റോഡ്</u>

T7324 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തലശ്ശേരി അസംബ്ലി മണ്ഡലത്തിലെ കുണ്ടുചിറ അണക്കെട്ടു പാലത്തിന്റെ അപ്രോച്ച് റോഡിന് ഭൂമി അക്വയർ ചെയ്യുന്നതിന് ഉത്തരവിറക്കിയിട്ടുണ്ടോ;

(ബി) പ്രസ്തുത ഉത്തരവ് പ്രകാരം ഭൂമി അക്വയർ ചെയ്യുന്നതിന് തടസ്സം സംഭവിച്ചിട്ടുണ്ടോ;

(സി) എങ്കിൽ തടസ്സവാദം പരിഹരിച്ച് പുതിയ ഉത്തരവ് ഇറക്കുന്നതിന് തയ്യാറാകുമോ;

(ഡി) ബന്ധപ്പെട്ട ഫയൽ സർക്കാരിന്റെ പക്കലുണ്ടോ;

(ഇ) എങ്കിൽ പുതിയ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ ?

# കേരള നിയമസഭ
## 16.07.2012-ലെ മറുപടിക്ക്

<u>അമ്പലപ്പുഴ വൈശ്യംഭാഗം പാലം നിര്‍മ്മാണം</u>

7325 ശ്രീ. ജി. സുധാകരന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) അമ്പലപ്പുഴ വൈശ്യംഭാഗം പാലം നിര്‍മ്മാണം എന്ന് ആരംഭിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് പറയുമോ;

(ബി) പ്രസ്തുത പാലം നിര്‍മ്മാണത്തില്‍ എന്തെങ്കിലും തടസ്സമുണ്ടോ; എങ്കില്‍ എന്തെന്ന് വിശദമാക്കുമോ;

(സി) സ്ഥലം എടുപ്പിന് ഉദ്യോഗസ്ഥര്‍ വേണ്ടത്ര ശുഷ്കാന്തി കാണിക്കുന്നില്ല എന്ന വിവരം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ; എങ്കില്‍ ഇവര്‍ക്കെതിരെ എന്തു നടപടി സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത്;

(ഡി) പാലം നിര്‍മ്മാണം സംബന്ധിച്ച് ചര്‍ച്ച ചെയ്യുന്നതിന് യോഗം വിളിക്കണമെന്ന് ആവശ്യപ്പെട്ട് അമ്പലപ്പുഴ എം.എല്‍.എ, ആലപ്പുഴ ജില്ലാ കളക്ടര്‍ക്ക് കത്തു നല്‍കിയിരുന്നത് ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ; ഇതുവരെ യോഗം വിളിക്കാത്തതിന് കാരണം വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 16.07.2012-ലെ മറുപടിക്ക്

<u>കൊട്ടാരക്കര നിയോജക മണ്ഡലത്തിലെ പാലങ്ങളുടെ നിർമ്മാണം</u>

7326 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കര നിയോജക മണ്ഡലത്തിൽപ്പെടുന്ന യക്ഷിക്കുഴി പാലം നിർമാണം, മൈലം പാലം പുനർനിർമാണം എന്നിവയ്ക്ക് ഭരണാനുമതി ലഭിച്ച ഉത്തരവ് നമ്പർ, തീയതി, അടങ്കൽ തുക എന്നിവ വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത പ്രവൃത്തികൾക്ക് കരാർ ഉറപ്പിച്ചു നൽകിയ തീയതിയും തുകയും വ്യക്തമാക്കുമോ;

(സി) എങ്കിൽ പ്രസ്തുത പ്രവൃത്തികളുടെ ഇപ്പോഴത്തെ അവസ്ഥ വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 16.07.2012-ലെ മറുപടിക്ക്

കുട്ടനാട്ടിലെ മങ്കൊമ്പ് സിവിൽ സ്റ്റേഷൻ

T7327 ശ്രീ. തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുട്ടനാട്ടിലെ മങ്കൊമ്പ് സിവിൽ സ്റ്റേഷൻ പാലം നിർമ്മാണത്തിന് ഭരണാനുമതിയ്ക്കായി സമർപ്പിച്ചിരിക്കുന്ന അപേക്ഷകൾക്ക് മുൻഗണന നൽകുമോ ;

(ബി) പ്രസ്തുത പാലം നിർമ്മാണത്തിന് സ്ഥലം അക്വയർ ചെയ്യുന്നതിനുള്ള തുകയെങ്കിലും ഈ സാമ്പത്തിക വർഷം അനുവദിക്കുന്നതിനു നടപടികൾ സ്വീകരിക്കുമോ ;

(സി) മങ്കൊമ്പ് സിവിൽ സ്റ്റേഷൻ പാലം നിർമ്മാണത്തിന് ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ?

# കേരള നിയമസഭ
## 16.07.2012-ലെ മറുപടിക്ക്

<u>വടശ്ശേരിക്കര നടപ്പാലം നിർമ്മാണം</u>

7328 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വടശ്ശേരിക്കര നടപ്പാലത്തിന് എന്നാണ് ഭരണാനുമതി ലഭിച്ചത് ;

(ബി) എ.എസ്. നൽകിയിട്ടും നിർമ്മാണം ആരംഭിക്കുവാൻ ഉണ്ടായ കാലതാമസം വിശദീകരിക്കാമോ ;

(സി) എങ്കിൽ കാലതാമസം വന്നതിന്റെ സാഹചര്യം വ്യക്തമാക്കാമോ ;

(ഡി) പ്രസ്തുത നിർമ്മാണം ആരംഭിക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത് ?

# കേരള നിയമസഭ
## 16.07.2012-ലെ മറുപടിക്ക്

<u>പേങ്ങാടുകടവ് പാലം നിർമ്മാണം</u>

7329 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത്** വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പേങ്ങാടുകടവ് പാലം നിർമ്മിക്കുവാൻ എന്നാണ് ഭരണാനുമതി നൽകിയത് ; വിശദാംശങ്ങൾ വ്യക്തമാക്കാമോ ;

(ബി) ഇതുമായി ബന്ധപ്പെട്ട പരിശോധന നടത്തുവാൻ ആരെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത് ;

(സി) എത്ര ദിവസത്തിനുള്ളിൽ പ്രസ്തുത നടപടികൾ പൂർത്തിയാക്കുവാനാണ് ഉദ്ദേശിക്കുന്നത് ?

# കേരള നിയമസഭ
## 16.07.2012-ലെ മറുപടിക്ക്

<u>കാലിക്കടവ് പി.ഡബ്ല്യൂ.ഡി. റെസ്റ്റ് ഹൗസ്</u>

7330 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യത്തിന്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

മുൻ സർക്കാരിന്റെ കാലത്ത് കാലിക്കടവിൽ പൂർത്തീകരിച്ച കാലിക്കടവ് പി.ഡബ്ല്യൂ.ഡി റെസ്റ്റ് ഹൗസിൽ ജീവനക്കാരെ നിയമിക്കാനുള്ള നടപടികൾ നിലവിൽ ഏതു ഘട്ടത്തിലാണെന്ന് അറിയിക്കാമോ ?

# കേരള നിയമസഭ
## 16.07.2012-ലെ മറുപടിക്ക്

<u>കരുനാഗപ്പള്ളിയിലെ മിനി സിവിൽ സ്റ്റേഷൻ</u>

7331

ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി മിനി സിവിൽ സ്റ്റേഷന്റെ പുതുക്കിയ ഷെഡ്യൂൾ പ്രകാരമുള്ള പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ എന്നത്തേയ്ക്ക് പണി പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 16.07.2012-ലെ മറുപടിക്ക്

<u>എല്ലാ മണ്ഡലങ്ങളിലും പൊതുമരാമത്ത് വകുപ്പിന്റെ ഓഫീസ്</u>

7332 ശ്രീ. റ്റി. എ. അഹമ്മദ് കബീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എല്ലാ മണ്ഡലങ്ങളിലും പൊതുമരാമത്ത് വകുപ്പിന്റെ ഒരു ഓഫീസ് എന്ന് നിയമസഭയിൽ നൽകിയ ഉറപ്പ് പാലിക്കുന്നതിനായി എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) എങ്കിൽ പ്രസ്തുത ഉറപ്പ് ഈ വർഷം തന്നെ നടപ്പിൽ വരുത്തുന്നതിന് സത്വര നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 16.07.2012-ലെ മറുപടിക്ക്

<u>സര്‍ക്കാര്‍ ക്വാര്‍ട്ടേഴ്സില്‍ താമസിക്കുന്ന ജീവനക്കാര്‍ക്ക് കാര്‍ഷെഡ്</u>

7333 ശ്രീ. എ.എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സര്‍ക്കാര്‍ ക്വാര്‍ട്ടേഴ്സില്‍ താമസിക്കുന്ന സ്വന്തമായി കാര്‍ ഉള്ള ജീവനക്കാര്‍ക്ക് കാര്‍ഷെഡ് നിര്‍മ്മിച്ചു നല്‍കുന്നതിന്റെ ഇപ്പോഴത്തെ സ്ഥിതി എന്താണ് ;

(ബി) തിരുവനന്തപുരം നേതാജി നഗര്‍ ഗവ: ക്വാര്‍ട്ടേഴ്സില്‍ കാര്‍ഷെഡ് നിര്‍മ്മാണം ആരംഭിച്ചത് എന്നാണ് ; അര്‍ഹതപ്പെട്ട എല്ലാപേര്‍ക്കും കാര്‍ഷെഡ് നിര്‍മ്മിച്ചു നല്‍കിയിട്ടുണ്ടോ ;

(സി) കാര്‍ഷെഡ് നിര്‍മ്മിച്ചു നല്‍കുന്നതിന് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡം എന്താണ് ;

(ഡി) തിരുവനന്തപുരം നേതാജി നഗര്‍ ഗവ:ക്വാര്‍ട്ടേഴ്സില്‍ എത്ര പേര്‍ക്ക് കാര്‍ഷെഡ് നിര്‍മ്മിച്ചു നല്‍കിയിട്ടുണ്ട് ; ബി, സി, ഡി, ഇ ടൈപ്പില്‍ ഓരോന്നിലും എത്ര വീതം എന്ന് അറിയിക്കുമോ ;

(ഇ) പ്രസ്തുത ക്വാര്‍ട്ടേഴ്സില്‍ താമസിക്കുന്ന സ്വന്തമായി കാര്‍ ഉള്ള ജീവനക്കാര്‍ കാര്‍ഷെഡ് നിര്‍മ്മിച്ചു നല്‍കുന്നതിന് അപേക്ഷ നല്‍കേണ്ടതുണ്ടോ ; അപേക്ഷിച്ചവര്‍ക്ക് എല്ലാം കാര്‍ഷെഡ് നിര്‍മ്മിച്ചു നല്‍കിയോ ;

(എഫ്) തിരുവനന്തപുരം നേതാജി നഗര്‍ ക്വാര്‍ട്ടേഴ്സില്‍ താമസിക്കുന്ന സ്വന്തമായി കാര്‍ ഉള്ള എല്ലാ ജീവനക്കാര്‍ക്കും കാര്‍ഷെഡ് എന്ന് നിര്‍മ്മിച്ചു നല്‍കാന്‍ സാധിക്കുമോ എന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 16.07.2012-ലെ മറുപടിക്ക്

<u>അങ്കമാലി മിനിസിവിൽസ്റ്റേഷന്റെ രണ്ടാംഘട്ട നിർമ്മാണപ്രവൃത്തി</u>

7334 ശ്രീ. ജോസ് തെറ്റയിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് തുക അനുവദിച്ച് ഒന്നാംഘട്ട നിർമ്മാണപ്രവർത്തനങ്ങൾ പൂർത്തിയാക്കി ഒരു വർഷം കഴിഞ്ഞിട്ടും അങ്കമാലി മിനിസിവിൽസ്റ്റേഷന്റെ രണ്ടാംഘട്ട നിർമ്മാണത്തിന് തുക അനുവദിക്കുന്നതിലെ കാലതാമസം വിശദമാക്കാമോ ;

(ബി) രണ്ടാംഘട്ട നിർമ്മാണത്തിനായി തുക എന്നത്തേയ്ക്ക് അനുവദിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 16.07.2012-ലെ മറുപടിക്ക്

<u>ആലത്തൂർ മിനി സിവിൽ സ്റ്റേഷൻ കെട്ടിടത്തിന്റെ നിർമ്മാണം</u>

7335 ശ്രീ. എം. ചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത്** വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ മിനി സിവിൽ സ്റ്റേഷൻ കെട്ടിടത്തിന്റെ നിർമ്മാണം നിലവിൽ ഏതു ഘട്ടത്തിലാണെന്നു അറിയിക്കുമോ ;

(ബി) ഏതെല്ലാം പ്രവൃത്തികളാണ് ഇനിയും പൂർത്തീകരിക്കുവാനുളളത് ;

(സി) കെട്ടിട നിർമ്മാണം പൂർത്തീകരിച്ച് എന്നത്തേക്ക് പ്രവർത്തനം ആരംഭിക്കുവാൻ സാധിക്കുമെന്നു വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 16.07.2012-ലെ മറുപടിക്ക്

മരാമത്ത് എഞ്ചിനീയർമാരുടെ പ്രവർത്തനമികവിന് അവാർഡ്

7336 ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
,, സി. പി. മുഹമ്മദ്
,, ജോസഫ് വാഴക്കൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മരാമത്ത് എഞ്ചിനീയർമാരുടെ പ്രവർത്തന മികവിന് അവാർഡ് നൽകാനുദ്ദേശിക്കുന്നുണ്ടോ;

(ബി) ഏതെല്ലാം വിഭാഗത്തിൽപ്പെട്ടവർക്കാണ് അവാർഡ് നൽകാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) വനിതാ എഞ്ചിനീയർമാർക്കും അവാർഡ് നൽകുന്ന കാര്യം പരിഗണിക്കുമോ?

# കേരള നിയമസഭ
# 16.07.2012-ലെ മറുപടിക്ക്

<u>എച്ച്.ആർ.സി.എൽ.ആർ ജീവനക്കാരെ സ്ഥിരപ്പെടുത്താൻ നടപടി</u>

7337 ശ്രീ. കെ. മുരളീധരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്തു വകുപ്പിൽ പത്ത് വർഷത്തിലധികമായി എച്ച്.ആർ.സി.എൽ.ആർ തസ്തിയിൽ താൽക്കാലികാടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന എത്ര ജീവനക്കാരുണ്ട്;

(ബി) ഇവരെ സർവ്വീസിൽ സ്ഥിരപ്പെടുത്തണം എന്നപേക്ഷിച്ചു കൊണ്ടുള്ള നിവേദനത്തിൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) ഏത് കാലയളവ് മുതൽ ജോലി ചെയ്ത സി.എൽ.ആർ ജീവനക്കാരെ ഇതിനകം സ്ഥിരപ്പെടുത്തിയിട്ടുണ്ട്;

(ഡി) ഇനിയും താൽക്കാലികാടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന എച്ച്.ആർ.സി.എൽ.ആർ ജീവനക്കാരെ സ്ഥിരപ്പെടുത്താൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്, പി. കെ. മുരളീധരൻ,
തിരുവനന്തപുരം സെക്രട്ടറി - ഇൻ - ചാർജ്
2012 ജൂൺ 7.

"T" ഇന്നത്തേക്ക് മാറ്റിയ ചോദ്യത്തെ സൂചിപ്പിക്കുന്നു.